കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ. (സാധാ) നം. 620/2020/തസ്വഭവ. തിരുവനന്തപുരം, തീയതി, 14.03.2020

പരാമർശം:- 01.02.2020-ലെ ഡിസി1/71/2020/തസ്വഭവ നമ്പർ സർക്കുലർ

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മുൻകരുതൽ നടപടികൾ**

1) കോവിഡ്-19 പകരുന്നത് തടയുന്നതിന് അതിപ്രധാനം വ്യക്തി ശുചിത്വമാണ്. അതിനാൽ, വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംഘടിപ്പിക്കണം. പൊതുസ്ഥലത്ത് തുപ്പുന്നത് ഒഴിവാക്കൽ, തുമ്മുമ്പോഴും ചുമക്കുമ്പോഴും വായും മൂക്കും മൂടുക, കൈ ഇടക്കിടെ ഹാൻഡ് വാഷ്/സാനിട്ടൈസർ /സോപ്പ് ഉപയോഗിച്ച് കഴുകുക. പനി, ജലദോഷം തുടങ്ങിയ ലക്ഷണങ്ങൾ ഉള്ള വ്യക്തികൾ പൊതുസമ്പർക്കം ഒഴിവാക്കൽ, മാസ്ക് ഉപയോഗിക്കൽ തുടങ്ങി വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് വിപുലമായ ക്യാമ്പയിൻ വീട്ടു വീടാന്തരം (ഡോർ റ്റു ഡോർ) സംഘടിപ്പിക്കണം.

2) വയോജന ബോധവൽക്കരണത്തിന് പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്. വീട്ടുവീടാന്തരം സന്ദർശനം നടത്തി വയോജനങ്ങളെ നേരിട്ട് കണ്ട് മുൻകരുതൽ അടക്കമുള്ള നടപടികൾ വിശദീകരിച്ച് ബോധവത്കരണം നടത്തേണ്ടതാണ്. ഇതിനായി സ്നേഹിത കാളിംഗ് ബെൽ, വയോക്ലബ്ബ്, വയോജന അയൽക്കൂട്ടം, വയോമിത്രം തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്താം. പ്രാദേശിക പാലിയേറ്റീവ് കെയർ സംവിധാനത്തിലൂടെയും ബോധവത്കരണ പരിപാടികൾ നടത്തണം.

3) അന്യസംസ്ഥാന തൊഴിലാളികൾ അടക്കമുള്ള മൈഗ്രന്റ് കമ്മ്യൂണിറ്റിയെ ബോധവത്കരിക്കുന്നതിനായി കുടുംബശ്രീ സംഘടനാ സംവിധാനം പ്രയോജനപ്പെടുത്തണം. എമർജൻസി റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഇവരുടെ സേവനം കൂടി ബോധവത്കരണ പരിപാടികൾക്ക് പ്രയോജനപ്പെടുത്തണം.

4) ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർ, സന്ദർശകർ, രോഗികൾ തുടങ്ങി ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന എല്ലാവരും ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോകോൾ പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പരിശീലനം, മാർഗ്ഗനിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കൽ തുടങ്ങിയ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ടതാണ്.

5) സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ, ക്ലിനിക്കൽ ലാബുകൾ, കൺസൾട്ടിംഗ് സെന്ററുകൾ തുടങ്ങി എല്ലാ സ്ഥലങ്ങളിലും ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

6) വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) പട്ടിക പ്രകാരം കോവിഡ്-19 ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ നിന്നും എത്തുന്നവരുടെയും അവരുമായി അടുത്തിടപഴകുന്നവരുടെയും പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും അവർക്ക് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള "ഹോം ഐസലേഷൻ പ്രോട്ടോക്കോൾ/ ക്വാറന്റൈൻ (quarantaine)" സംബന്ധിച്ച വിവരങ്ങൾ നൽകുകയും ആയത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## രോഗം റിപ്പോർട്ട് ചെയ്താൽ

1) ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ അനുസരിച്ചിട്ടുള്ള ചികിത്സ ലഭ്യമാക്കുന്നത് ഉറപ്പാക്കണം.
2) ഐസൊലേഷൻ ഉറപ്പാക്കണം.
3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ കോവിഡ് -19 രോഗബാധിതർക്ക് ചികിത്സ സത്വരമായി ലഭ്യമാക്കുന്നതിന് ഐസലേഷൻ ഉറപ്പാക്കി മരുന്നുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് കുറവ് വരാതെ ശ്രദ്ധിക്കേണ്ടതും ആവശ്യമായ നടപടികൾ മുൻഗണന നൽകി സ്വീകരിക്കേണ്ടതുമാണ്.
4) രോഗം പകരുന്നത് തടയുന്നതിനുള്ള സാധനസാമഗ്രികൾ രോഗിയുടെ കുടുംബത്തിന് ആവശ്യമെങ്കിൽ വാങ്ങി നൽകണം.
5) ഐസൊലേഷന് വിധേയമാകുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ദൈനംദിന ജീവിതസഹായം ലഭ്യമാക്കേണ്ടതാണ്.

6) ആവശ്യമായ ഘട്ടങ്ങളിൽ പരിചരണത്തിന് സഹായിയെ ലഭ്യമാക്കേണ്ടി വന്നാൽ അതിന് ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്.

**<u>ഫണ്ട്</u>**

മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / വികസന ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അധ്യക്ഷന്മാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ